# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4031 16.03.2017-ൽ മറുപടിക്ക്

## യസ്മിത എന്ന വിദ്യാർത്ഥിനി നേടിയ ബഹുമതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എൻ.എ.നെല്ലിക്കുന്ന് | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) | |
| എ) | കാസർകോട് ജില്ലയിലെ ബെള്ളൂർ പഞ്ചായത്തിൽ മിത്തജാലിൽ താമസിക്കുന്ന പട്ടിക വർഗ്ഗത്തിൽപ്പെട്ട യസ്മിത എന്ന വിദ്യാർത്ഥിനി ഈയടുത്ത കാലത്ത് വലിയ ബഹുമതി നേടിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട് |
| ബി) | ഈ ബഹുമതി നേടിയ യസ്മിതയെ അഭിനന്ദിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും സർക്കാർ എന്ത് നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | ബി) | 28/12/2016-ന് മലേഷ്യയിൽ വെച്ച് നടന്ന ജൂനിയർ ഏഷ്യൻ ത്രോബോൾ ചാമ്പ്യൻഷിപ്പിൽ വിജയിച്ച കുമാരി.യസ്മിതയെ പട്ടികവർഗ്ഗ വികസന വകുപ്പ് സംഘടിപ്പിച്ച കളിക്കളം-2017 എന്ന കായികമേളയിൽ വെച്ച് ബഹു.കേരള സ്പോർട്സ് മന്ത്രി ഉപഹാരം നൽകി ആദരിക്കുകയുണ്ടായി. കുമാരി.യസ്മിതയ്ക്ക് മലേഷ്യയിലേക്കുള്ള യാത്രാചെലവുകൾ ക്കായി പട്ടികവർഗ്ഗ വികസന വകുപ്പ് യാത്രയ്ക്ക് മുമ്പ് തന്നെ 50,000/- രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. |
| സി) | സ്വന്തമായി വീടില്ലാത്ത നിർദ്ധന കുടുംബാംഗമായ യസ്മിതയുടെ കുടുംബത്തിന് വീട് നിർമ്മിച്ചു നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; | സി) | പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഭവന നിർമ്മാണ ധനസഹായമായ 3.5 ലക്ഷം രൂപ നിരക്കിലുള്ള ഭവന നിർമ്മാണ പദ്ധതി പ്രകാരം വീടനുവദിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| ഡി) | യസ്മിതയുടെ വിദ്യാഭ്യാസ ചെലവ് വഹിക്കാൻ തയ്യാറാകുമോ; എങ്കിൽ ഇക്കാര്യത്തിൽ ചെയ്യാനുദ്ദേശിക്കുന്ന തെന്താണെന്ന് വ്യക്തമാക്കാമോ? | ഡി) | കാസറഗോഡ് ജില്ലയിൽ അഗളിപ്പാടി എസ്.എ.എച്ച്.എസ്.എസ്-ൽ പ്ലസ് വൺ വിദ്യാർത്ഥിനിയായ കുമാരി.യസ്മിതയ്ക്ക് പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയുള്ള അർഹമായ വിദ്യാഭ്യാസാനുകൂല്യങ്ങൾ കുടിശ്ശികയില്ലാതെ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ